### 'ജയ് ജവാൻ ജയ് കിസാൻ"

# വീരമൃത്യു വരിക്കുന്ന ജവാൻ ! ചത്തൊടുങ്ങുന്ന കിസാൻ !

കാർഗിൽ പോരാട്ടത്തിൽ മരണമടഞ്ഞ ഓരോ ജവാനും കേന്ദ്ര ഗവൺമെന്റ് 8 ലക്ഷം രൂപ നൽകുന്നു. ഓരോ സംസ്ഥാന ഗവൺമെന്റുകളും തങ്ങളുടെ സംസ്ഥാനത്തെ കാർഗിൽ രക്തസാക്ഷികൾക്ക് 5 ലക്ഷം വീതം വേറെയും നൽകുന്നുണ്ട്.

ജോലിയുടെ ഭാഗമായിട്ടാണെങ്കിലും മരണമടയുന്ന ഓരോ ജവാനും രാജ്യത്തിനു വേണ്ടി ജീവൻ ബലിയർപ്പിച്ചതായി നാം വാഴ്ത്തിപ്പാടുന്നു. അതേ സമയം, ഭാരതത്തിന്റെ വിവിധ സംസ്ഥാനങ്ങളിൽ ധാരാളം കർഷകർ വിളനാശം മൂലം കമ്പോള വിലയിലുള്ള മാന്ദ്യത്തിന്റെയും പേരിൽ ആത്മഹത്യ ചെയ്യുന്നുണ്ട്. നൂറുകോടി ജനങ്ങളെ തീറ്റിപ്പോറ്റുക എന്ന മഹത്തായ സേവനത്തിന് കർഷകനു ലഭിക്കുന്ന പ്രതിഫലമാണിത്. അതേ സമയം ആർക്കും ഉപകാരമില്ലാത്ത റബ്ബറും ഓർക്കിഡും അലങ്കാരമത്സ്യങ്ങളും കൃഷിചെയ്യുന്നവർ വിദേശനാണ്യം വാരിക്കൂട്ടുന്നു. ആർഭാട ജീവിതം നയിക്കുന്നു.

പ്രതികൂല സാഹചര്യങ്ങളോട് പടവെട്ടി കൃഷിചെയ്യുന്ന കർഷകർക്ക് എന്നും പട്ടിണിയും ദാരിദ്ര്യവും മാത്രം.

'ജയ് ജവാൻ, ജയ് കിസാൻ' എന്നത് വെറുമൊരു മുദ്രാവാക്യം. ഇലക്ഷൻ അടുക്കുമ്പോൾ അവശ്യവസ്തുക്കൾ വിദേശത്തു നിന്നും ഇറക്കുമതി ചെയ്ത് ഗവൺമെന്റ് ഭക്ഷ്യവസ്തുക്കളുടെ വില തറവിലയിലും താഴ്ത്തുന്നു. 70 ശതമാനത്തോളം തൊഴിലവസരങ്ങൾ ഉല്പാദിപ്പിക്കുന്ന, ഗ്രാമീണ ജനങ്ങളുടെ മുഖ്യ വരുമാനമായ, സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലായ, കൃഷിയോട് ഗവൺമെന്റിന്റെ ചിറ്റമ്മ നയം എന്നു തീരും?

**ജിജു ആന്റോ, കുരിയച്ചിറ, തൃശ്ശൂർ.**